"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻകീഴിൽ തയ്യാറാക്കിയ കരട് ഗുരുവായൂർ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(3), 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(8), എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.62/2023/LSGD തീയതി,തിരുവനന്തപുരം, 02-03-2023

---

പരാമർശം:-

1. 15.02.2022 തീയതിയിലെ ഗുരുവായൂർ നഗരസഭ കൗൺസിലിന്റെ 32-ാം നമ്പർ തീരുമാനം
2. ഗുരുവായൂർ നഗരസഭ കൗൺസിലിന്റെ 30.08.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനം.
3. ഗുരുവായൂർ നഗരസഭ കൗൺസിലിന്റെ 28/12/2022 തീയതിയിലെ 1-ാം നമ്പർ തീരുമാനം.
4. ഗുരുവായൂർ നഗരസഭ സെക്രട്ടറിയുടെ 03/01/2023 തീയതിയിലെ ഇ5(ഇ2)-18974/18 നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 29/01/2023 തീയതിയിലെ ടിസിപിസിടിപി/1820/2020-എഫ് 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരമുള്ള മാസ്റ്റർപ്ലാൻ കമ്മിറ്റി പരാമർശം (1) പ്രകാരം നഗരസഭ രൂപീകരിച്ചിരുന്നു. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ 36(1) വകുപ്പ് പ്രകാരം കരട് ഗുരുവായൂർ മാസ്റ്റർപ്ലാൻ പരിഷ്ക്കരണങ്ങളോടുകൂടി സ്വീകരിക്കുന്നതിനും, ആയതിനുള്ള ഉദ്ദേശ്യം 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം ഫാറം II-ൽ വിജ്ഞാപനംചെയ്യുന്നതിനും പരാമർശം (2) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനം എടുക്കുകയും, ഫാറം II നഗരസഭയുടെ ഔദ്യോഗിക വെബ് സൈറ്റിലും, നോട്ടീസ് ബോർഡിലും വിജ്ഞാപനം ചെയ്യുകയും, 29.10.2022-ലെ 3683 നമ്പർ ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും, രണ്ട് വർത്തമാനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി.

(2) മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കരട്ടു മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിനും, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ 36(2) വകുപ്പ് പ്രകാരം കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അയച്ചുനല്കുന്നതിന്

പരാമർശം (3) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനിക്കുകയും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(7) പ്രകാരം സർക്കാരിലേക്ക് പ്രസിദ്ധീകരണാനുമതിയ്ക്കായി അയക്കുന്നതിനു കരട് മാസ്റ്റർപ്ലാനും അനുബന്ധരേഖകളും പരാമർശം (4) മുഖേന നഗരസഭ സെക്രട്ടറി ലഭ്യമാക്കുകയും ചെയ്തിരുന്നു.

(3) കരട് മാസ്റ്റർ പ്ലാൻ നഗരസഭ കൌൺസിലിന്റെ പരാമർശം (3) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതിനാലും സർക്കാരിലേക്ക് പ്രസിദ്ധീകരണാനുമതിക്കായി അയക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതിനാലും ഗുരുവായൂർ മാസ്റ്റർ പ്ലാനിനു 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(3) പ്രകാരവും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(8) പ്രകാരവുമുള്ള പ്രസിദ്ധീകരണാനുമതി നൽകുന്നതിനു പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, അമൃത് പദ്ധതിയിൻകീഴിൽ തയ്യാറാക്കിയ കരട് ഗുരുവായൂർ മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(8), എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, തൃശ്ശൂർ (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, ഗുരുവായൂർ നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anilkumar C
Date: 03-08-2023 10:48:38